Break the chain


തുഞ്ചത്ത് എഴുത്തച്ഛൻ
# മലയാളസർവ്വകലാശാല

വാക്കാട്, മലപ്പുറം - 676 502

ഫോൺ : 0494 2631230


## സംഗ്രഹം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - മലയാളഭാഷാ ഫാക്കൽറ്റിക്ക് കീഴിലുള്ള ഭാഷാശാസ്ത്ര സ്കൂളിൽ നിന്ന് ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക പരിസ്ഥിതിപഠന ഫാക്കൽറ്റിക്ക് കീഴിലുള്ള പരിസ്ഥിതിപഠന സ്കൂളിലേക്കും മാധ്യമപഠന ഫാക്കൽറ്റിക്കു കീഴിലുള്ള ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക മാധ്യമപഠന സ്കൂളിൽ നിന്ന് ചലച്ചിത്രപഠന സ്കൂളിലേക്കും മാറ്റി സ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം

നമ്പർ: 117/2015/വിസി.(2) തീയതി: തിരൂർ 22.12.2020

പരാമർശം:-
1) 21.03.2020 ന് നടന്ന സർവകലാശാല പൊതുസഭയുടെ ഇരുപത്തി രണ്ടാമത് യോഗത്തിന്റെ 2020.06 (6/22) ഇനം നമ്പർ തീരുമാനം.
2) 21.03.2020 ന് നടന്ന നിർവാഹകസമിതി 44-ാമത് യോഗത്തിന്റെ 2020.14 (14/44) ഇനം നമ്പർ തീരുമാനം.
3) മലയാളസർവകലാശാലാ ആക്ട് അദ്ധ്യായം V 30(6) ലെ വ്യവസ്ഥകൾ.
4) 17.12.2020 ലെ 117/2015/വിസി നമ്പർ ഉത്തരവ്.
5) 22.12.2020 ലെ 117/2015/വിസി നമ്പർ ഉത്തരവ്.
6) 17.12.2020 ലെ വൈസ് ചാൻസലറുടെ ഉത്തരവ്.

## ഉത്തരവ്

2020 മാർച്ച് 21 ന് ചേർന്ന മലയാളസർവകലാശാല പൊതുസഭയുടെ 22-ാമത് യോഗം, സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള 40 അദ്ധ്യാപക തസ്തികകൾ പൊതുസഭയുടെ അധികാരം ഉപയോഗിച്ച് ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കുകയും നിർവാഹകസമിതി പരാമർശം (2) പ്രകാരം സൃഷ്ടിച്ച 40 അദ്ധ്യാപക തസ്തികകൾ (പ്രൊഫസർ - 5, അസോസിയേറ്റ് പ്രൊഫസർ - 10, അസിസ്റ്റന്റ് പ്രൊഫസർ-25) താഴെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ളതു പ്രകാരം പുനഃക്രമീകരിച്ചു വിവിധ ഫാക്കൽറ്റികൾക്ക് കീഴിൽ രൂപീകരിച്ചിട്ടുള്ള സ്കൂളുകളിലും എഴുത്തച്ഛൻ പഠനകേന്ദ്രത്തിലും വിന്യസിച്ച് ഏർപ്പെടുത്തണമെന്ന നിർവാഹകസമിതിയുടെ ശുപാർശ അംഗീകരിച്ച് തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല നിയമം, 2013, 11(2) (എഫ്) പ്രകാരം വ്യവസ്ഥാപിതമാക്കി ഏർപ്പെടുത്തുവാൻ 2020.06 (6/22) ഇനം നമ്പർ പ്രകാരം തീരുമാനിച്ചു.

ഫാക്കൽറ്റികളും പഠനവിഭാഗങ്ങളും പുനഃക്രമീകരിച്ച് പഠനസ്കൂളുകൾ സ്ഥാപിച്ച് 40 അദ്ധ്യാപക തസ്തികകൾ ഏർപ്പെടുത്തി പൊതുസഭ അംഗീകരിച്ച പട്ടിക

| ഫാക്കൽറ്റി/സ്കൂൾ | പ്രൊഫസർ | അസോസിയേറ്റ് പ്രൊഫസർ | അസിസ്റ്റന്റ് പ്രൊഫസർ |
|---|---|---|---|
| I മലയാളഭാഷാപഠന ഫാക്കൽറ്റി | | | |
| 1. ഭാഷാശാസ്ത്ര സ്കൂൾ | 1 | 1 | 3 |
| II സാഹിത്യഫാക്കൽറ്റി | | | |
| 1. സാഹിത്യപഠന സ്കൂൾ | 1 | 1 | 3 |
| 2. സാഹിത്യരചന സ്കൂൾ | - | 1 | 3 |
| 3. എഴുത്തച്ഛൻ പഠനകേന്ദ്രം | 1 | - | - |
| III പൈതൃകപഠന ഫാക്കൽറ്റി | | | |
| 1. സംസ്കാരപൈതൃകപഠന സ്കൂൾ | 1 | 1 | 2 |
| IV. മാധ്യമപഠന ഫാക്കൽറ്റി | | | |
| 1. മാധ്യമപഠന സ്കൂൾ | 1 | 1 | 3 |
| 2. ചലച്ചിത്രപഠന സ്കൂൾ | - | 1 | 2 |
| V സാമൂഹ്യശാസ്ത്ര ഫാക്കൽറ്റി | | | |
| 1. സോഷ്യോളജി സ്കൂൾ | - | 1 | 2 |
| 2. തദ്ദേശവികസനപഠനം സ്കൂൾ | - | 1 | 2 |
| 3. ചരിത്രപഠന സ്കൂൾ | - | 1 | 3 |
| VI പരിസ്ഥിതിപഠന ഫാക്കൽറ്റി | | | |
| 1. പരിസ്ഥിതിപഠന സ്കൂൾ | - | 1 | 2 |
| ആകെ | 5 | 10 | 25 |

2) പൊതുസഭയുടെ മേൽ തീരുമാനം പരാമർശം (4) പ്രകാരം നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.

3) പരാമർശം (5) പ്രകാരം സാഹിത്യഫാക്കൽറ്റിക്കു കീഴിലുള്ള എഴുത്തച്ഛൻ പഠനകേന്ദ്രം എഴുത്തച്ഛൻ പഠനസ്കൂൾ എന്നായി പുനഃനാമകരണം ചെയ്ത് ഉത്തരവായിട്ടുണ്ട്.

4) മലയാളസർവകലാശാലാ നിയമം 2013, അദ്ധ്യായം V 30(6) ലെ വ്യവസ്ഥകൾ പ്രകാരം "വൈസ് ചാൻസലറുടെ അഭിപ്രായത്തിൽ താൻ എന്തെങ്കിലും സത്വരനടപടി എടുക്കേണ്ടതായ അടിയന്തിര സാഹചര്യം ഉണ്ടെന്ന് ബോധ്യമുള്ള പക്ഷം അദ്ദേഹത്തിന് ഏതൊരു നടപടിയും എടുക്കാവുന്നതും അങ്ങനെയുള്ള സംഗതിയിൽ തത്പ്രകാരം എടുത്ത നടപടി നിർവാഹകസമിതിയുടെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്".

5) മേൽ സാഹചര്യത്തിൽ മലയാളസർവകലാശാലാ നിയമം 2013, അദ്ധ്യായം V 30(6) ലെ വ്യവസ്ഥകൾക്കു വിധേയമായി മലയാളഭാഷാ ഫാക്കൽറ്റിക്ക് കീഴിലുള്ള ഭാഷാശാസ്ത്ര സ്കൂളിൽ നിന്ന് ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക പരിസ്ഥിതിപഠന ഫാക്കൽറ്റിക്ക് കീഴിലുള്ള പരിസ്ഥിതിപഠന സ്കൂളിലേക്കും മാധ്യമപഠന ഫാക്കൽറ്റിക്കു കീഴിലുള്ള മാധ്യമപഠന സ്കൂളിൽ നിന്ന് മറ്റൊരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക ചലച്ചിത്രപഠന സ്കൂളിലേക്കും, നിർവാഹകസമിതിയുടെയും പൊതുസഭയുടെയും അംഗീകാരത്തിന് വിധേയമായി മാറ്റി സ്ഥാപിക്കുവാൻ 17.12.2020 ന് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

6) അതനുസരിച്ച്, മലയാളഭാഷാ ഫാക്കൽറ്റിക്ക് കീഴിലുള്ള ഭാഷാശാസ്ത്ര സ്കൂളിൽ നിന്ന് ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക പരിസ്ഥിതിപഠന ഫാക്കൽറ്റിക്ക് കീഴിലുള്ള പരിസ്ഥിതിപഠന സ്കൂളിലേക്കും മാധ്യമപഠന ഫാക്കൽറ്റിക്കു കീഴിലുള്ള മാധ്യമപഠന സ്കൂളിൽ നിന്ന് മറ്റൊരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക ചലച്ചിത്രപഠന സ്കൂളിലേക്കും മാറ്റി സ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. ഷൈജൻ ഡി.
രജിസ്ട്രാർ

ബന്ധപ്പെട്ട സ്കൂൾ ഡയറക്ടർമാർക്ക്

പകർപ്പ്:

വി.സി. കാര്യാലയം/
ഫിനാൻസ് വിഭാഗം/അക്കൗണ്ട്സ് വിഭാഗം/
ഫാക്കൽറ്റി ഡീനുകൾ/വകുപ്പദ്ധ്യക്ഷന്മാർ/
ജെ.ഡി., കെ.എസ്.എ.ഡി. മലയാളസർവകലാശാല/പി.ആർ.ഒ./
വെബ്സൈറ്റ്/ആഫീസ് രേഖ/കരുതൽ രേഖ